# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *13** — **09.06.2014- ലെ മറുപടിക്ക്**

## സർക്കാർ പ്രഖ്യാപിച്ചതും നടപ്പിലാക്കിയിട്ടില്ലാത്തതുമായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ:<br>" എം. എ. ബേബി:<br>" വി. ചെന്താമരാക്ഷൻ:<br>" എളമരം കരീം: | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സർക്കാർ, വിവിധ ഘട്ടങ്ങളിലായി പ്രഖ്യാപിച്ചതും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതുമായ എല്ലാ പദ്ധതികളും പരിപാടികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ), (ബി) & (സി) നടപ്പിലാക്കാത്ത പദ്ധതികൾ സംബന്ധിച്ച് സമഗ്രമായ വിലയിരുത്തൽ നടത്തുന്നതാണ്. അതിനു ശേഷം ഇപ്പോഴത്തെ സാഹചര്യത്തിൽ അവശ്യം നടപ്പിലാക്കേണ്ട പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നടപ്പിലാക്കപ്പെട്ടിട്ടില്ലാത്ത പദ്ധതികളുടെ പരസ്യ ഇനത്തിൽ ഈ സാമ്പത്തിക വർഷം തുക ചെലവഴിച്ചിട്ടില്ല. |
| (ബി) ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികളും പരിപാടികളും പ്രഖ്യാപനങ്ങളും ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; അവ വകുപ്പടിസ്ഥാനത്തിൽ ശേഖരിക്കപ്പെട്ടിട്ടുണ്ടോ; നടപ്പിലാക്കപ്പെട്ടിട്ടില്ലാത്ത പദ്ധതികളുടെ പരസ്യം നൽകിയ ഇനത്തിൽ ചെലവായ തുക എത്രയായിരുന്നു; | |
| (സി) ഇവ നടപ്പിലാക്കാനാവശ്യമായ പണം ഏതെല്ലാം നിലയിൽ സ്വരൂപിക്കാനുദ്ദേശിക്കുന്നു; ഇതിനായി പ്രത്യേകമായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നു ? | |

സെക്ഷൻ ഓഫീസർ